LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മൂന്ന് പേർക്ക് നൽകിയിട്ടുണ്ട്.

1. ശ്രീമതി പ്രിയങ്ക. പി.പി, പയ്യനാടൻ ഹൗസ്, ടെമ്പിൾ ഗേറ്റ്. പി. ഒ, തലശ്ശേരി, കണ്ണൂർ
2. ശ്രീ. ജോസ്. സി. എം, ചിറയത്ത്, ചാത്തൻപാറ.പി.ഒ, കണ്ണൂർ
3. ശ്രീ. ദാമോദരൻ, തെക്കടവൻ, ചെറിയ കണ്ണൂർ, കനായി. പി. ഒ, കണ്ണൂർ

(ബി) അപേക്ഷകൻ കോർപ്പറേഷനിൽ നിന്ന് നൽകുന്ന പ്രത്യേകം തയ്യാറാക്കിയ അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ കൂടി ഗസറ്റഡ് ഓഫീസർ അറ്റസ്റ്റ് ചെയ്ത് ഹാജരാക്കേണ്ടതാണ് :

1. വരുമാന സർട്ടിഫിക്കറ്റിന്റെ കോപ്പി (വരുമാന പരിധി 70000 രൂപ വരെ)
2. ഡ്രൈവിംഗ് ലൈസൻസ് ഉണ്ടെങ്കിൽ ലൈസൻസിന്റെ കോപ്പി
3. വികലാംഗത്വം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ കോപ്പി
4. റേഷൻ കാർഡിന്റെ 1, 2 പേജിന്റെ കോപ്പികൾ
5. മോട്ടോറൈസ്ഡ് സ്കൂട്ടർ ഇല്ലായെന്നുള്ള പഞ്ചായത്ത് മെമ്പറുടെ/ പഞ്ചായത്ത് സെക്രട്ടറിയുടെ സർട്ടിഫിക്കറ്റ്
6. വിദ്യാർത്ഥിയാണെങ്കിൽ പഠിക്കുന്ന സ്ഥാപനത്തിൽ നിന്നുള്ള സർട്ടിഫിക്കറ്റ്
7. വയസ്സ് തെളിയിക്കുന്ന രേഖ.

മുളക്കുളം ഗ്രാമപഞ്ചായത്തിലെ വൃദ്ധസദനം

395 (1840) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) മുളക്കുളം ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന വൃദ്ധസദനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇത് എൽ.എസ്.ജി.ഡി., സി.ഇ-യുടെ ഓഫീസിൽ നിന്നും സാമൂഹ്യനീതി വകുപ്പിന് എന്നാണ് ലഭിച്ചത് ; ഫയൽ നമ്പർ നൽകാമോ ;

(ബി) പ്രസ്തുത വൃദ്ധസദനം പ്രവർത്തിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്ന നയപരിപാടികൾ വ്യക്തമാക്കാമോ ;

(സി) ഇതു സംബന്ധിച്ചുള്ള 27-8-2014-ലെ മന്ത്രിതല യോഗത്തിന്റെ മിനിട്സ് ലഭ്യമാക്കാമോ ; ആയതിന്റെ തുടർ പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ ?

ഉത്തരം

(എ) മുളക്കുളം ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന വൃദ്ധസദനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്. 1-12-2014-ൽ സാമൂഹ്യനീതി വകുപ്പു ഡയറക്ടറേറ്റിൽ, 21-11-2014-ലെ ഡിബി6/11383/14 സിഇ തസ്വഭവ നമ്പർ കത്തു പ്രകാരമാണ് എസ്റ്റിമേറ്റ് ലഭിച്ചത്.

(ബി) നിലവിലുള്ള കോട്ടയത്തെ വൃദ്ധസദനം ഇപ്പോൾ ചങ്ങനാശ്ശേരി താലൂക്കിൽ പള്ളം ബ്ലോക്കിലുള്ള ആശ്രമം വകയായുള്ള വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇപ്പോൾ തിരുവഞ്ചൂരുള്ള ചിൽഡ്രൻസ് ഹോമിനടുത്ത് ഒഴിഞ്ഞു കിടക്കുന്ന മൂന്നു കെട്ടിടങ്ങൾ പുതുക്കി പണിത് വൃദ്ധസദനം പ്രവർത്തിപ്പിക്കാൻ ആലോചിക്കുന്നുണ്ട്. ഈ സ്ഥലവും കൂടി ലഭിക്കുകയാണെങ്കിൽ സ്ത്രീകൾക്കും പുരുഷൻമാർക്കുമായി പ്രത്യേകം വൃദ്ധസദനങ്ങൾ ആരംഭിക്കാവുന്നതാണ്.

(സി) 27-8-2014-ൽ കൂടിയ മന്ത്രിതല യോഗത്തിന്റെ മിനിട്ട്സ് അനുബന്ധമായി ചേർക്കുന്നു.* 8-10-2014-ൽ പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന മീറ്റിംഗിലെ തീരുമാനമനുസരിച്ച് കാരിക്കോട് വൃദ്ധമന്ദിരത്തിന്റെ ബാക്കി പണികൾ പൂർത്തീകരിക്കുന്നതിന് പഴയ കെട്ടിടത്തിന്റെ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ മുളക്കുളം പഞ്ചായത്ത് എൻജിനീയർക്ക് നൽകിയിട്ടുണ്ട്. ആയത് സാമൂഹ്യനീതി ഡയറക്ടറേറ്റിൽ 1-12-2014-ന് ലഭിച്ചിട്ടുണ്ട്.

ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അങ്കണവാടികൾ

396 (1841) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അങ്കണവാടികളുടെ നവീകരണത്തിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ആർ.ഐ.ഡി.എഫ്. പദ്ധതി പ്രകാരം ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ഏതെല്ലാം അങ്കണവാടികളെയാണ് നവീകരണത്തിനായി തെരഞ്ഞെടുത്തിരിക്കുന്നത് എന്നും നടപടികൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly